പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6211 20/11/2019 ൽ മറുപടിക്ക്

## പെരിന്തൽമണ്ണ മണ്ഡലത്തിലെ മൃഗാശുപത്രികൾ

ചോദ്യം

ശ്രീ.മഞ്ഞളാംകുഴി അലി

മറുപടി

അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിനുകീഴിൽ വരുന്ന ഏതെല്ലാം മൃഗാശുപത്രികളാണ് അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത നേരിടുന്നതെന്ന് അറിയിക്കുമോ; എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ ആശുപത്രികൾക്ക് ഒരുക്കി നൽകാനുള്ളതെന്ന് അറിയിക്കുമോ; | എ) | വെട്ടത്തൂർ മൃഗാശുപത്രിയിൽ ജലനിധിയുടെ കീഴിലുള്ള ജലവിതരണ സംവിധാനം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. സ്ഥലപരിമിതി ഉള്ളതു കൊണ്ട് പാഴ് വസ്തുക്കൾ നശിപ്പിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. |
| ബി) | ഈ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഏതെങ്കിലും മൃഗാശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | ബി) | ഇല്ല. |
| സി) | പ്രസ്തുത മൃഗാശുപത്രികളിൽ സ്ഥിരം ഡോക്ടർമാരുടെയോ ജീവനക്കാരുടെയോ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടോ; എങ്കിൽ ഓരോ മൃഗാശുപത്രിയിലും ഏതെല്ലാം ജീവനക്കാരുടെ കുറവുണ്ടെന്ന് അറിയിക്കുമോ; ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | സി) | വെറ്ററിനറി ഡിസ്പെൻസറിയിൽ വെറ്ററിനറി സർജൻ ഡെപ്യൂട്ടേഷനിലാണ് പ്രവർത്തിക്കുന്നത്. വെറ്ററിനറി പോളിക്ലിനിക്കിൽ ലാബ് ടെക്നീഷ്യൻ പോസ്റ്റിൽ ആളില്ല. (പി.എസ്.സി വഴിയുള്ള നിയമനത്തിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്). |

സെക്ഷൻ ഓഫീസർ